**"CORRUPTION, A CRIME AGAINST NATION"**


**വിജിലൻസ് ആൻഡ് ആന്റി കറപ്ഷൻ ബ്യൂറോ**
**തിരുവനന്തപുരം 695033**
**E-mail:vig.vacb@kerala.gov.in**
**ഫോൺ നം. 0471-2305393**


**തീയതി 12.11.2024**

# "കൈക്കൂലി കേസ്സിൽ മുൻ വില്ലേജ് അസിസ്റ്റന്റിനെ കഠിന തടവിന് ശിക്ഷിച്ചു."

മലപ്പുറം ജില്ലയിലെ മാറാക്കര വില്ലേജ് ഓഫീസിലെ മുൻ വില്ലേജ് അസിസ്റ്റന്റായിരുന്ന അനിൽ കുമാർ.ആർ നെ 7 വർഷം കഠിന തടവിനും 1,.00,000/- രൂപ പിഴ ഒടുക്കുന്നതിനും കോഴിക്കോട് വിജിലൻസ് കോടതി ഇന്ന് (12/11/2024) ശിക്ഷിച്ചു.

2015-ൽ മലപ്പുറം ജില്ലയിലെ പുന്നത്തല സ്വദേശിയായ ഒരാളുടെ പേരിലുള്ള 2 ഏക്കർ 33 സെന്റ് വസ്തുവിന്റെ നികുതികുടിശ്ശിക അടക്കുന്നതിന് 5,000/- രൂപ കൈക്കൂലി വാങ്ങവെ മലപ്പുറം വിജിലൻസ് യൂണിറ്റ് കൈയ്യോടെ പിടികൂടി, രജിസ്റ്റർ ചെയ്ത്, അന്വേഷണം നടത്തി, കുറ്റപത്രം നൽകിയ കേസിലാണ് വില്ലേജ് അസിസ്റ്റന്റായിരുന്ന അനിൽ കുമാറിനെ വിവിധ വകുപ്പുകളിലായി ആകെ 7 വർഷം കഠിന തടവിനും 1,00,000/- രൂപ പിഴ ഒടുക്കുന്നതിനും കോഴിക്കോട് വിജിലൻസ് കോടതി ഇന്ന് (12/11/2024) ശിക്ഷ വിധിച്ചത്. ശിക്ഷ ഒന്നിച്ച് അനുഭവിച്ചാൽ മതിയെന്നും വിധിന്യായത്തിൽ പറയുന്നു. പ്രതിയെ റിമാന്റ് ചെയ്ത് ജയിലിലടച്ചു.

പൊതുജനങ്ങളുടെ ശ്രദ്ധയിൽ അഴിമതി സംബന്ധിച്ച വിവരങ്ങൾ ലഭിക്കുകയാണെങ്കിൽ വിജിലൻസിന്റെ ടോൾ ഫ്രീ നമ്പരായ 1064 എന്ന നമ്പരിലോ 8592900900 എന്ന നമ്പരിലോ വാട്സ് ആപ് നമ്പരായ 9447789100 എന്ന നമ്പരിലോ അറിയിക്കണമെന്ന് വിജിലൻസ് ഡയറക്ടർ ജനങ്ങളോട് അഭ്യർത്ഥിച്ചു.